ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കിവരുന്ന ക്ഷേമ പെൻഷനുകളായ വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയുള്ളള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ക്ഷേമ പെൻഷനുകളുടെ പേര്	കുടിശ്ശിക തുക
1	വികലാംഗപെൻഷൻ	166,69,68,167
2	അഗതി (വിധവ) പെൻഷൻ	553,19,82,532
3	ദേശീയവാർദ്ധക്യകാല പെൻഷൻ	366,09,21,915
4	50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	35,88,58,56

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിതരണം നടത്തുന്നതാണ്.

സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക

334 (1808) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സർക്കാർ നൽകിവരുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ;

(ബി) ഏതെല്ലാം പെൻഷനുകളാണ് വിതരണത്തിൽ കുടിശ്ശികയുള്ളതെന്ന വ്യക്തമാക്കാമോ;

(സി) ഏത് മാസം മുതലാണ് കുടിശ്ശികയുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) കുടിശ്ശിക വിതരണത്തിന് എത്ര തുക വേണ്ടി വരും എന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) കുടിശ്ശികയുണ്ട്. 2014 ഡിസംബർ, 2015 ജനുവരി, 2015 സെപ്റ്റംബർ, 2015 ഒക്ടോബർ, 2015 നവംബർ എന്നീ മാസങ്ങളിലെ ക്ഷേമപെൻഷനുകൾ കുടിശ്ശിക യായിട്ടുണ്ട്.

(ബി) എല്ലാ പെൻഷനുകളിലും കുടിശ്ശികയുണ്ട്. ആഗസ്റ്റ് 2015 വരെയുള്ള എല്ലാ പെൻഷനുകളും വിതരണത്തിനായി അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014 ഡിസംബർ, 2015 ജനുവരി, 2015 സെപ്തംബർ, 2015 ഒക്ടോബർ, 2015 നവംബർ എന്നീ മാസങ്ങളിലെ ക്ഷേമപെൻഷനുകൾ കുടിശ്ശികയായിട്ടുണ്ട്.

(ഡി) ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ചാണ് കുടിശ്ശിക തുക കണക്കാക്കുന്നത്.

അംഗപരിമിതരുടെ പെൻഷൻ പരിഷ്കരണം

335 (1809) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിനുവേണ്ടി സമാശ്വാസ പദ്ധതികൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അംഗപരിമിതരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് സമാശ്വാസ/ക്ഷേമ പദ്ധതികൾ സർക്കാർ തലത്തിൽ നടപ്പിലാക്കി വരുന്നത്. നിലവിലെ ക്ഷേമപദ്ധതികളിലേയും സമാശ്വാസ പദ്ധതികളിലേയും പോരായ്മകൾ തിരിച്ചറിഞ്ഞ് കാലോചിതമായ മാറ്റങ്ങൾ വരുത്തിയും നവീനങ്ങളായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയും ആനുകൂല്യങ്ങൾ അർഹരായ വിഭിന്നശേഷിയുള്ളവരിൽ എത്തിക്കുന്നതിനും സർക്കാർ തലത്തിൽ ശ്രദ്ധിച്ചുവരുന്നുണ്ട്. അംഗപരിമിതർക്കായുള്ള തൊഴിൽദാന പദ്ധതി, വായ്പ ധനസഹായ പദ്ധതികൾ, സഹായോപകരണ വിതരണ പദ്ധതി എന്നിവ സാമൂഹ്യനീതി വകുപ്പും അതിന്റെ ഏജൻസികളായ കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നിവ മുഖേനയും കൃത്യമായ രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സഹകരണം സർക്കാർതല ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നവയാണ്. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് കൂടുതൽ ഊന്നൽ നൽകി ഫണ്ടുകൾ സമയബന്ധിതമായി അനുവദിക്കുന്നതിലൂടെയുമാണ് സമാശ്വാസ പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly